"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന 'അത്തിപ്പൊറ്റ വാതക ശ്മശാനം നിർമ്മാണം(തരൂർ) ' എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1116/2024/LSGD തീയതി,തിരുവനന്തപുരം, 23-06-2024

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29/02/2024 തീയതിയിലെ LSGD/PD/6425/2024-DB5 നമ്പർ കത്ത്.

**ഉത്തരവ്**

2023-24 ബഡ്ജറ്റ് അനുബന്ധം II വാല്യം II ക്രമ നമ്പർ 1402 ആയ പാലക്കാട് തരൂർ ഗ്രാമപഞ്ചായത്തിലെ അത്തിപ്പൊറ്റ വാതക ശ്മശാനം നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് പരാമർശ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തുപണികളുടെ വിശദവിവരങ്ങൾ - വാല്യം II - ൽ ക്രമ നമ്പർ.1402 ആയി 20% തുക വകയിരുത്തി ഉൾപ്പെട്ടിട്ടുള്ള പാലക്കാട് ജില്ലയിലെ തരൂർ നിയോജക മണ്ഡലത്തിലെ തരൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന 'അത്തിപ്പൊറ്റ വാതക ശ്മശാനം നിർമ്മാണം(തരൂർ)' എന്ന പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും ടി പ്രവൃത്തിക്ക് ആവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തരൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 25-06-2024 23:15:21

സെക്ഷൻ ഓഫീസർ